28/10/2017 ൽ തിരുവനന്തപുരം ടി.ബി അസ്സോസിയേഷൻ ഹാളിൽ നടന്ന സംസ്ഥാന ആരോഗ്യവകുപ്പിന്റെ ഓഡിറ്റ് അവലോകന യോഗത്തിന്റെ നട പടി കുറിപ്പ്

സംസ്ഥാന ആരോഗ്യ വകുപ്പിലെ ഓഡിറ്റ് അവലോകന യോഗം 28-10-2017 ന് കൃത്യം 10.30 ന് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഡോ.വി.ആർ രാജു ഉൽഘാടനം ചെയ്തു. സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ ഫെറോൾഡ് സേവ്യർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയും, എല്ലാ ജില്ലാ മെഡിക്കലാ ഫീസുകളിലേയും ഓഡിറ്റ് സീനിയർ സൂപ്രണ്ടുമാരും, ഇൻണൽ ഓഡിറ്റ് വിഭാഗം ജൂനിയർ സൂപ്രണ്ടുമാരും, ബന്ധപ്പെട്ട ഓഡിറ്റ് ഉദ്യോഗസ്ഥരും യോഗ ത്തിൽ സംബന്ധിച്ചു.

ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിൽ സമയബന്ധിതമായി കണക്ക് പരിശോധന നടത്തേണണ്ടതിന്റേയും പ്രാധന്യം മനസ്സിലാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാര്യകക്ഷമമായി പ്രവർത്തിക്കേണ്ടതാണെന്ന് അഡീഷണൽ ഡയറക്ടർ അഭിപ്രായപ്പെട്ടു. അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ഓഡിറ്റ് റിപ്പോർട്ടിലേക്കുള്ള തസ്സവാദങ്ങൾക്ക് യഥാസമയം മറുപടി നൽകാത്തത് അവ ഡ്രാഫ്റ്റ് പാരയായി മാറാൻ കാരണമാകുകയും പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ വരുകയും ചെയ്യുന്നു. ഇത് ഒഴിവാക്കേണ്ടതാണ്. സൗകര്യ പരിശോധനാ വിഭാഗം നടത്തുന്ന പരിശോധന റിപ്പോർട്ടുകൾക്ക് സമയ ബന്ധിതമായി മറുപടി നൽകുവാൻ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഇന്റേ ണൽ ഓഡിറ്റ് തടസ്സവാദങ്ങൾക്ക് യഥാസമയം മറുപടി നൽകാതെ വരുന്നത് കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും, വിരമിക്കുന്ന ജീവനക്കാർക്ക് നിശ്ചിത സമയത്തിനുള്ളിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കഴി യാതെ വരുകയും ചെയ്യുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ജില്ലകളിലെ ബന്ധപ്പെട്ട ജീവനക്കാർ കൂടുതൽ കാര്യകക്ഷമമായി പ്രവർത്തിക്കണമെന്ന് സീനിയർ ഫിനാൻസ് ഓഫീസർ അഭിപ്രായപ്പെട്ടു. ഓഡിറ്റ് സംബന്ധിച്ച സംശ യങ്ങൾക്ക് അദ്ദേഹം മറുപടി നൽകുകയുണ്ടായി. ജില്ലകളിൽ നിന്നുള്ള ഉദ്യോ

ഗസ്ഥർ ഓഡിറ്റുമായി ബന്ധപ്പെട്ട റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിക്കുകയുണ്ടായി.

**തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിൽ മണമ്പൂർ സി.എച്ച്.സി യിൽ ഓഡിറ്റിന് പോയ ജില്ലാതല ഓഡിറ്റ് ടീമിലെ ക്ലാർക്കിനെതിരേ നടപടി എടുത്തതായി അറിയിച്ചു. ഓഡിറ്റ് തടസ്സവാദങ്ങൾക്കുള്ള മറുപടി സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എന്നാൽ ജില്ലയിലെ 6 മേജർ ആശുപത്രികളിൽ നിന്നും യഥാസമയം മറുപടി ലഭ്യമാകാത്തതാണ് തടസ്സ വാദങ്ങൾ നിലനിൽക്കാൻ കാരണമെന്നും സീനിയർ സൂപ്രണ്ട് അഭിപ്രായപ്പെട്ടു.

**കൊല്ലം**

കൊല്ലം ജില്ലയിൽ ഓഡിറ്റ് പരിശോധന നടത്തുന്നതിന് ചില പരിമിധികൾ ഉണ്ടെന്നും ജില്ലാ ഓഡിറ്റ് ടീമിന് പരിശോധിക്കുവാനുള്ള അനുമതി വേണമെന്നും ആവശ്യപ്പെട്ടു. ത്വരിത പരിശോധന മാസത്തിൽ മൂന്നു പ്രാവ്യശ്യം നടത്തുണ്ട്. ജില്ലയിലെ മേജർ ആശുപത്രികളിൽ സാമ്പത്തിക ക്രമക്കേടുകൾ ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഡയറക്ടറേറ്റ് ഓഡിറ്റ് ടീമിലെ ഉദ്യോഗാസ്ഥരെ കൂടി ഉൾപ്പെടുത്തി ഓഡിറ്റ് ത്വരിതപ്പെടുത്തേണ്ടതാണ്. സ്റ്റോർ പർച്ചേസ് റൂൾ ഭേദഗതി ചെയ്തതിന് ശേഷമുള്ള വ്യക്ത നിർദ്ദേശിക്കേണ്ടതാണ്. മൂന്ന് വർഷത്തിന് മുകളിലുള്ള സേവനങ്ങൾ ഒന്നും .എൻ. എൽ.സി നൽകുമ്പോൾ പരിശോധിക്കാറില്ല. ഇത് വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ മൂന്നു വർഷത്തിൽ മുമ്പുള്ള സേവനകാലയളവിലെ ഓഡിറ്റ് തടസ്സവാദങ്ങൾക്ക് എൻ.എൽ.സി നൽകുമ്പോൾ പരിശോധിക്കാറില്ല ഇത് വിവരിക്കുന്ന ഉദ്യോഗസ്ഥന്റെ മൂന്നു വർഷത്തിന് മുമ്പുള്ള സേവനകാലയളവിലെ ഓഡിറ്റ് തടസ്സവാദങ്ങൾക്ക് മറുപടി നൽകാൻ കഴിയാതെ വരുന്നു. മുൻസ്ഥാപനങ്ങളിൽ പ്രസ്തുത ഫയൽ തീർപ്പാകാതെ കിടക്കുവാൻ ഇത് കാരണമാകുന്നു. ആയത് സംബന്ധിച്ച വിശദീകരണം വേണം. ജില്ലാതലത്തിലെ ഓഡിറ്റിൽ താലൂക്ക് അടിസ്ഥാനത്തിൽ അദാലത്ത് നടത്തി അധികം ഖണ്ഡി

കകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ സ്ഥാപനത്തിലും എത്ര ഫയലുകൾ ഉണ്ടെന്നുള്ളതിന്റെ സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

**സീനിയർ ഫിനാൻസ് ഓഫീസർ**

ജില്ലാതലത്തിൽ ഓഡിറ്റ് അദാലത്ത് എല്ലാ ജില്ലകളിലും നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുവാൻ വിരമിക്കുന്ന വ്യക്തികൾ മൂന്നുവർഷം മുമ്പ് സേവനം അനുഷ്ഠിച്ചിരുന്ന സ്ഥാപനങ്ങളിലെ ഓഡിറ്റ് തടസ്സവാദങ്ങൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**ആലപ്പുഴ**

അക്കൗണ്ടന്റ് ജനറൽ നടത്തുന്ന അദാലത്ത് മാതൃകയിൽ ജില്ലാതലത്തിൽ മേയ് മാസത്തിൽ 97 സ്ഥാപനങ്ങളിൽ ഓഡിറ്റ് അദാലത്ത് നടത്തുകയുണ്ടായി. ധനകാര്യ പരിശോധന വിഭാഗം ചെട്ടികുളങ്ങരയിൽ നടത്തിയ പരിശോധന റിപ്പോർട്ടിന്റെ മറുപടി ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടില്ല. ചെങ്ങന്നൂരിൽ എൻ.എൽ.സി കൊടുക്കുവാനുണ്ട്.

**സീനിയർ ഫിനാൻസ് ഓഫീസർ**

ജില്ലാതലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നതിനോടൊപ്പം അക്കൗണ്ടന്റ് ജനറലിന്റെ അദാലത്ത് നടക്കാത്ത ജില്ലാകളിൽ അദാലത്ത് സംഘടിപ്പിച്ച് തടസ്സവാദങ്ങൾ നിലനിൽക്കുന്നവ തീർപ്പാക്കുന്നതിന് വേണ്ടി ശ്രമിച്ചു വരുന്നു. ഡയറക്ടറേറ്റിൽ നിന്നും മറുപടി ലഭിക്കേണ്ടവ സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

**പത്തനംതിട്ട**

തീർപ്പാക്കാവുന്നുള്ള ഫയലുകളുടെ എണ്ണം കുറവാണ്. നവംബർ,

ഡിസംബർ, മാസങ്ങളിൽ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കുലർ ന.64/2017/ധന.തീ 10-08-17 പ്രകാരം ധനകാര്യ പരാമർശമുള്ള പാരാകൾ തീർപ്പാക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ അനുമതി വാങ്ങണം എന്നു പറയുന്നതിൽ വ്യക്തതവേണം.

**സീനിയർ ഫിനാൻസ് ഓഫീസർ**

ധനകാര്യ വകുപ്പിന്റെ സർക്കുലറിനെക്കുറിച്ച് ഒരാഴ്ചയ്ക്കകം വിവരം അറിയിക്കുന്നതാണെന്ന് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

**കോട്ടയം**

നിലവിൽ തീർപ്പാക്കുവാനുള്ള ഫയലുകൾ സംബന്ധിച്ച് വിശദീകരിക്കുകയും, അവതീർപ്പാക്കുന്നതിന് കാര്യകക്ഷമമായ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു.

**ഇടുക്കി**

അക്കൗണ്ടന്റ് ജനാലിന്റെ തടസ്സവാദങ്ങൾ സംബന്ധിച്ച ഫയലുകളാണ് കൂടുതലും തീർപ്പാക്കാനുള്ളതെന്നും ചുറ്റുമതിൽ ഇല്ല, പട്ടയം കിട്ടിയിട്ടില്ല തുടങ്ങിയ വിഷയങ്ങളിലാണ് കൂടുതൽ ഫയലുകൾ തീർപ്പാക്കാനുള്ളതെന്നും യോഗത്തിൽ അറിയിച്ചു. ഇവ ഇതുവരേയും തീർപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല ആയതിലേക്ക് തുടർ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു.

**എറണാകുളം**

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റുമായി ബന്ധപ്പെട്ട ഫയൽ അദാലത്ത് ജില്ലയിൽ നടത്തുകയുണ്ടായി. തീർപ്പാക്കുവാനുണ്ടായിരുന്ന ഫയലുകളിൽ ഭൂരിഭാഗവും തീർപ്പാക്കുവാൻ കഴിഞ്ഞു. ഇന്റേണൽ ഓഡിറ്റ് ഫയലുകളിലെ തടസ്സവാദങ്ങൾക്കുള്ള മറുപടി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു.

**തൃശ്ശൂർ**

ജില്ലാ മെഡിക്കൽ സ്റ്റോറുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ മറുപടി ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടത്തിപ്പിനായി അയച്ചിട്ടുണ്ട്. ജില്ലയിലെ പലസ്ഥാപനങ്ങളിലും മിനിസ്റ്റിയൽ ജീവനക്കാരുടെ കുറവ് അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദത്തിന് കാരണമായിട്ടുണ്ട്. ഇവക്ക് തൃപ്തികരമായി മറുപടി നൽകുവാൻ സാധിക്കാത്തതിനാൽ തടസ്സവാദം ഇപ്പോഴും നിലനിൽക്കുന്നു.

**സീനിയർ ഫിനാൻസ് ഓഫീസർ**

ജീവനക്കാരുടെ കുറവ് സർക്കാർ തലത്തിൽ തീരുമാനിക്കേണ്ട വിഷയമാണ്. ജീവനക്കാർ കുറവുള്ള സ്ഥാപനങ്ങളിൽ അതാത് സ്ഥാപനങ്ങളിലെലേ സെക്രട്ടറി/ഹെഡ്ക്ലാർക്ക് എന്നിവർ അധിക ചുമതലയായി കണ്ട് തീർപ്പാക്കാനുള്ള ഫയലുകളിൽ നടപടി സ്വീകരിക്കേണ്ടതും തസ്തിക സൃഷ്ടിക്കേണ്ടവ സംബന്ധിച്ച് മതിയായ പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതുമാണ്.

**പാലക്കാട്**

കൺസോളിറ്റേഡ് ഓഡിറ്റ് റിപ്പോർട്ടിൽ പാലാക്കാട് ജില്ലാ മെഡിക്കൽ ഓഫീസ് ഉൾപ്പെടെ 14 സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ടിലെ തടസ്സവാദങ്ങൾക്കുള്ള മറുപടി അക്കൗണ്ടന്റ് ജനറലിന് നൽകി വരുന്നു. ഫയൽ തീർപ്പാക്കലിന്റെ ഭാഗമായി രണ്ട് അദാലത്തുകൾ നടത്തുകയുണ്ടായി. ഓഡിറ്റ് മോണിട്ടറിംഗ് കമ്മിറ്റി മീറ്റിംഗ് രണ്ട് വിഭാഗമായി തിരിച്ച് കാസർഗോഡ് മുതൽ തൃശൂർ വരെയും, എറണാകുളം മുതൽ തിരുവനന്തപുരം വരെയും ഉള്ള ജില്ലകൾ രണ്ട് സോണുകളായി തിരിച്ച് പ്രത്യേകം പ്രത്യേകം മീറ്റിംഗുകൾ നടത്തുവാൻ നടപടി സ്വീകരിക്കണം. ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി പൂർണ്ണമാകണമെങ്കിൽ സ്ഥാപനങ്ങളിൽ നിന്നും ഫയൽഡ ഉൾപ്പെടെ പരിശോധിച്ച് തടസ്സവാദം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

## സീനിയർ ഫിനാൻസ് ഓഫീസർ

മേഘല തിരിച്ചുള്ള ഓഡിറ്റ് മോണിറ്ററിംഗ് മീറ്റിംഗ് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതണെന്ന് സീനിയർ എഫ്.ഒ. പറഞ്ഞു.

## മലപ്പുറം

അക്കൗണ്ടന്റ് ജനാലിന്റെ ഓഡിറ്റിൽ ഒരേ തടസ്സവാദം തന്നെ പല റിപ്പോർട്ടിലും ആവർത്തിച്ച് വരുന്നതായി അഭിപ്രായം ഉണ്ടായി ഉപയോഗിക്കാതിരിക്കുന്ന ഉപകരണങ്ങളും കെട്ടിടങ്ങളുമാണ് മറ്റൊരു പ്രധാന തടസ്സവാദം. ഉപകരണങ്ങൾ മാറ്റുന്നത് സംബന്ധിച്ച് ഏഴ് സ്ഥാപനങ്ങളിൽ വിഷയം ഇപ്പോഴും നിലനിൽക്കുന്നു. ആർ.എസ്.ബി.വൈ ക്യാഷ് ബുക്ക് കൈകാര്യം ചെയ്യുന്നത് ആർ.എസ്.ബി.വൈ യുടെ താൽക്കാലിക ക്ലാർക്കുമാരാണ്. ആയത് ഒഴിവാക്കി പി.എസ്.സി ക്ലാർക്കിനെ നിയമിക്കേണ്ടതാണെന്നും അഭിപ്രായം ഉണ്ടായി.

## കോഴിക്കോട്

- അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്, ഡി.എച്ച്.എസ് ഓഡിറ്റ്, ധനകാര്യ പരിശോധനാ വിഭാഗം ഓഡിറ്റ്, പി.എ.സി എന്നിവ സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദീകരിച്ചു. ജില്ലയിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പുതുതായി ഒന്നും നടന്നിട്ടില്ല. ഓഡിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതായി അറിയിച്ചു. ജില്ലയിലെ അഞ്ചു സ്ഥാപനങ്ങളെ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ഡയറക്ടറേറ്റ് തലത്തിലാണോ അതോ ഡി.എം.ഒ തലത്തിലാണോ ഓഡിറ്റ് നടത്തേണ്ടത് എന്നി സപ്ടീഷീകരണം ആവശ്യമുണ്ടെന്നും ഉപയോഗിക്കാതിരിക്കുന്ന പെർമനന്റ് അഡ്വാൻസ് തുക തിരിച്ചടക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച നടപടി വിശദീകരണം ആവശ്യമുണ്ട്.

## സീനിയർ ഫിനാൻസ് ഓഫീസർ

വിവിധ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന രൂപ മടക്കി ട്രഷറിയിൽ അടക്കണമെന്നും അറിയിച്ചു. ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച് വിശദ വിവരം ഒരാഴ്ചക്കകം അറിയിക്കുന്നതാണെന്നും, തലൂക്കാശുപത്രികളായി ഉയർത്തിയ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തേണ്ടത് ഡയറക്ടറേറ്റിൽ നിന്നാണെന്നും താലൂക്കാശുപത്രിയായി ഉയർത്തുന്നതുവരെയുള്ള ഓഡിറ്റ് ഡി.എം.ഒ നടത്തിലാണ്. നടത്തേണ്ടതെന്നും സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചു.

## കണ്ണൂർ

ജില്ലയിൽ മാസത്തിൽ രണ്ട് ദിവസം ഒ &എം പരിശോധന നടത്തുന്നുണ്ട്. എല്ലാ മാസവും 21-ാം തീയതി അദാലത്ത് നടത്തുന്നുണ്ട്. കൂടാതെ ത്വരിത പരിശോധനയും നടത്തിവരുന്നു. ശമ്പള കുടിശ്ശിക സംബന്ധിച്ച് LHI/LHS വിഭാഗത്തിൽ വിരമിച്ചവരിൽ നിന്നും മുഴുവൻ തുകയും തിരിച്ച് പിടിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പലർക്കും എൻ.എൽ.സി യും നൽകിയിട്ടുണ്ട്. ആയതിനാൽ അവരിൽ നിന്നും തുക ഈടാക്കുന്നത് സംബന്ധിച്ച് റവന്യൂ റിക്കവറി നടത്താൻ നിർദ്ദേശിക്കുകയുണ്ടായി.

## സീനിയർ ഫിനാൻസ് ഓഫീസർ

ഡയറക്ടറേറ്റിൽ ഇപ്പോൾ സ്പെഷ്യൽ ഇൻവസ്റ്റിഗേഷൻ ടിം നിലവില്ല. എന്നാൽ ഈ ആവശ്യം പരിഗണിക്കുന്നതാണ്. കുടിശ്ശിക തിരിച്ച് പിടിക്കുന്നകാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിൽ തീർപ്പാക്കുവാൻ കഴിയുമെങ്കിൽ തീർപ്പാക്കേണ്ടതാണ്. വളരെ പഴക്കം വന്ന കേസ്സുകളിൽ റവന്യൂ റിക്കവറിക്ക് പോയാൽ കേസ് നിനിൽക്കുന്നതല്ലെന്ന കാര്യം അക്കൗണ്ടന്റ് ജനറലിനേയും അറിയിക്കേണ്ടതാണ്.

## കാസർഗോഡ്

ഓഡിറ്റ് അദാലത്ത് രണ്ട് മാസം കൂടമ്പോൾ നടത്തുന്നുണ്ട്. മിനിസ്റ്റീ

രിയൽ ജീവനക്കാരുടെ പ്രതിമാസ അവലോകനയോഗത്തിൽ ഓഡിറ്റിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യാറുണ്ട്. അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിൽ Vichile Conderation, Honararium, Substandard Medicine, HMC,RSBY എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് പ്രധാനമായും തടസ്സവാദങ്ങളായി നില നിൽക്കുന്നത്. അവക്ക് മറുപടി നൽകുന്നുണ്ടെങ്കിലും തൃപ്തികരമല്ലാത്തതിനാൽ തടസ്സവാദങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

**<u>വയനാട്</u>**

ജില്ലയിലെ ഓഡിറ്റ് ഫയലിലെ തടസ്സ വാദങ്ങളിൽ ഭൂരിഭാഗവും തീർപ്പാക്കിയിട്ടുള്ളവയാണ്. അക്കൗണ്ടന്റ് ജനറലിന്റേയും, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റേയും തീർപ്പാക്കുനുള്ള തടസ്സവാദങ്ങൾക്ക് മറുപടി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ജില്ലിയിലെ ഓഡിറ്റ് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

## നിർദ്ദേശങ്ങൾ

1. ഓഡിറ്റ് ഫയലുകളുടെ എണ്ണം കുറയ്ക്കുന്നതിനും, ഫയലുകൾ തീർപ്പ് കയ്യിക്കുന്നതിനും ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും അദാലത്തുകൾ സംഘടിപ്പിക്കേണ്ടതാണ്.

2. മേഘല തിരിച്ച എ.എം.സി മീറ്റിംഗ് നടത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറുമായി ചർച്ച ചെയ്യുവാൻ തീരുമാനിച്ചു.
3. ഡയറക്ടറേറ്റ് തലത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടില്ലാത്തതിനാൽ സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ത്വരിത പരിശോധന ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചു.
4. അടുത്ത എ എം സി മീറ്റിംഗ് തൃശ്ശൂർ ഡി.എം.ഒ ഓഫീസിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

5. ഓഡിറ്റ് കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽ അടിയന്തിരമായി ഓഡിറ്റ് നടത്തി പുരോഗതി സീനിയർ ഫിനാൻസ് ഓഫീസറെ അറിയിക്കുവാൻ നിർദ്ദേശിച്ചു.

6. ഓഡിറ്റ് ടീമിന് പരിശീലനം വേണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

യോഗം ഉച്ചയ്ക്ക് രണ്ടു മണിക്ക് സമാപിച്ചു.

ഹെറോൾഡ് സേവ്യർ
സീനിയർ ഫിനാൻസ് ഓഫീസർ